ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി

ആലപ്പുഴ: ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നാല് പേർ നൽകിയ തുക എ.എം ആരിഫ് എംപി ജില്ല കളക്ടർക്ക് കൈമാറി. വിദ്യാർത്ഥിയായി ചേർത്തല വാരനാട് സ്വദേശി തൈക്കൂടത്തിൽ ഹൗസിലെ അർണവ് മേനോൻ നൽകിയ 5000രൂപ, എഴുപുന്ന തുണ്ടിപ്പറമ്പിൽ സലീംകുമാർ നൽകിയ 1300 രൂപ, തുറവൂർ പുത്തൻ ചന്ത സ്വദേശി ടി.ആർ ത്യദീപ് കുമാർ നൽകിയ 25,000 രൂപയുടെ ചെക്ക്, പട്ടണക്കാട് അനിതാ ഭവനിലെ എസ്. ബാഹുലയൻ നൽകിയ 22,564 രൂപയുടെ ചെക്ക് എന്നിവയാണ് എംപി ജില്ല കളക്ടർക്ക് കൈമാറിയത്.